**Malayala Manorama, Oct 05 2008**

# ടിസിഎസ് ക്വിസ്: ലയോള ജേതാക്കൾ

കൊച്ചി: ടാറ്റാ കൺസൽറ്റൻസി സർവീസസ് സംഘടിപ്പിച്ച ടിസിഎസ് ഐടി വിസ് ക്വിസ് മൽസരത്തിൽ തിരുവനന്തപുരം ലയോള സ്കൂളിലെ അച്യുത് വാസുദേവൻ – അജു ബേസിൽ ജയിംസ് ടീം ജേതാക്കളായി. കാക്കനാട് ആദർശ് വിദ്യാലയയിലെ ആദിത്യ ഉണ്ണിക്കൃഷ്ണൻ, കൃഷ്ണകുമാർ ടീം രണ്ടാം സ്ഥാനം നേടി. ട്രോഫിയും ലാപ്ടോപ്പുകളുമായിരുന്നു സമ്മാനം. സിയാൽ ഡയറക്ടർ എ.സി.കെ. നായരും ടിസിഎസ് കേരള മേധാവി ദിനേഷ് തമ്പിയും സമ്മാനദാനം നിർവഹിച്ചു.

ആറു ടീമുകളാണു കൊച്ചിയിലെ മേഖലാ ഫൈനലിൽ മൽസരിച്ചത്. ഗിരി ബാലസുബ്രഹ്മണ്യമായിരുന്നു ക്വിസ് മാസ്റ്റർ. വിദ്യാർഥികളിൽ ഐടി അവബോധം വളർത്തുന്നതിന്റെ ഭാഗമായാണു ടിസിഎസ് മൽസരം സംഘടിപ്പിച്ചത്. സംസ്ഥാനത്തെ എൺപതോളം സ്കൂളുകളിൽ നിന്ന് 1,100 വിദ്യാർഥികളാണു പ്രാഥമിക മൽസരത്തിൽ പങ്കെടുത്തത്.



മനോരമ

*ടിസിഎസ് കൊച്ചിയിൽ സംഘടിപ്പിച്ച ഐടി വിസ് ക്വിസ് കേരള എഡിഷൻ 2008 ലെ വിജയികളായ അച്യുത് വാസുദേവനും അജു ബേസിൽ ജയിംസും (ലയോള സ്കൂൾ, തിരുവനന്തപുരം).*